HLM-0036

The Heavenly Light Ministry

## ക്രൂശിൽ കണ്ടു ഞാൻ നിൻ സ്നേഹത്തെ

ക്രൂശിൽ കണ്ടു ഞാൻ നിൻ സ്നേഹത്തെ
ആഴമാർന്ന നിൻ മഹാ ത്യാഗത്തെ
പകരം എന്തു നല്കും ഞാനിനി
ഹൃദയം പൂർണ്ണമായി നൽകുന്നു നാഥനെ

1 സൃഷ്ടികളിൽ കണ്ടു ഞാൻ കരവിരുത്
അത്ഭുതമാം നിൻ ജ്ഞാനത്തിന് പൂർണ്ണതയും
പകരം എന്തു നല്കും ഞാനിനി
നന്ദിയാൽ എന്നും വാഴ്ത്തീടും സൃഷ്ടാവെ

2 അടിപിണരിൽ കണ്ടു ഞാൻ സ്നേഹത്തെ
സൗഖ്യമാക്കും യേശുവിൻ ശക്തിയേ
പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായി

3 മൊഴിയിൽ കേട്ടു രക്ഷയിൻ ശബ്ദത്തെ
വിടുതൽ നല്കും നിൻ ഇമ്പ വചനത്തെ
പകരം എന്തു നല്കും ഞാനിനി
ദേശത്തെങ്ങും പോകും സുവിശേഷവുമായി

4 നിൻ ശരീരം തകർത്തു നീ ഞങ്ങൾക്കായി
ശുദ്ധരക്തം ചീന്തി നീ ഞങ്ങൾക്കായി
പകരം എന്തു നല്കും ഞാനിനി
അന്ത്യത്തോളം ഓർമ്മിക്കും യാഗത്തെ